(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന യാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) നിയമനങ്ങൾ പി.എസ്.സി.-ക്ക് കൈമാറാത്ത പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ വിവിധ ഭരണവകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി-ക്ക് നൽകുന്നതിനുള്ള നടപടി

65 (75) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി-ക്കു വിടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും, തീരുമാനമെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഒരു സ്ഥാപനത്തിലെ നിയമനം പി.എസ്.സി. ഏറ്റെടുക്കണമെങ്കിൽ അതിന് നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ പ്രഖ്യാപനമനുസരിച്ച് എത്ര സ്ഥാപനങ്ങളിലെ നിയമനം ഏറ്റെടുക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തി എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി.-ക്ക് വിട്ടതും വിടാത്തതുമായ സ്ഥാപനങ്ങളിൽ ജീവനക്കാരായി പി.എസ്.സി. മുഖാന്തിരമല്ലാതെ നിയമിക്കപ്പെട്ടവരെ പൂർണ്ണമായും ഒഴിവാക്കി പി.എസ്.സി. വഴിമാത്രം നിയമനം നൽകുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പി.എസ്.സി. മുഖേന നിയമനം നടത്താൻ തീരുമാനിച്ചശേഷം ഖണ്ഡിക(ഡി), റൂൾ 2 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻ & കമ്പനീസ്) റൂൾസ് 1971-ൽ ആവശ്യമായ ഭേദഗതിവരുത്തുക, സ്ഥാപനത്തിന്റെ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കുക, റൂൾസിന് സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുടെ അംഗീകാരം ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ചെയ്യേണ്ടതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അംഗീകൃത മാനദണ്ഡമനുസരിച്ചല്ലാതെ നിയമനം നടന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം അത്തരക്കാരെ ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly